# ക്രിസ്തുരാജത്വ തിരുനാൾ

തിരുവനന്തപുരം അതിരൂപതയിലെ മാത്രമല്ല ദക്ഷിണ ഇന്ത്യയിലെ തന്നെ സുപ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് വെട്ടുകാട്. വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷങ്ങൾക്ക് നാം ഇന്ന് തുടക്കം കുറിക്കുകയാണ്. ഞാനും നിങ്ങളും ഉൾപ്പെടെ അനേകായിരം പേർ ഈ ദിവസങ്ങളിൽ തീർത്ഥാടകരായി ക്രിസ്തുരാജ തിരുസ്സന്നിധിയിലെത്തും. അനുഗ്രഹങ്ങൾ തേടിയാണ് നാമോരോരുത്തരും ക്രിസ്തു രാജനെ സമീപിക്കുന്നത്. ആശ്രിതവത്സലനായ ക്രിസ്തുരാജൻ തന്റെ സന്നിധിയിലണയുന്ന എല്ലാവരുടെമേലും സമൃദ്ധമായ അനുഗ്രഹാശ്ശിസ്സുകൾ വാരിചൊരിയുമെന്ന ഉറപ്പും നമുക്കുണ്ട്.

കവിഞ്ഞൊഴുകുന്ന നദിയിൽ വെള്ളത്തിന് ഒരു കുറവുമുണ്ടാവുകയില്ല. ചെറിയ പാത്രം കൊണ്ടുവരുന്നവൻ കുറച്ചും വലിയ പാത്രം കൊണ്ടു വരുന്നവൻ കൂടുതലും വെള്ളം കോരിയെടുക്കും. ഇതുപോലെ എത്ര കൊടുത്താലും ഒരിക്കലും വറ്റാത്ത അനുഗ്രഹങ്ങളുടെ ഉറവിടവും നിറകുടവുമാണ് ക്രിസ്തുരാജൻ. അനുഗ്രഹാശ്ശിസ്സുകൾ കൊണ്ട് നാമോരോരുത്തരെയും നിറയ്ക്കുവാൻ അവിടുന്ന് അതിയായി ആഗ്രഹിക്കുകയും ചെയ്യുന്നു. എത്രമാത്രം അനുഗ്രഹങ്ങളാണ് നാം യേശുവിൽ നിന്ന് സ്വീകരിക്കാൻ പോകുന്നത് എന്നത് നമ്മുടെ മനസ്സിന്റെ വലിപ്പത്തെ, നമ്മുടെതന്നെ മനോഭാവത്തെ ആശ്രയിച്ചിരിക്കും.

യേശുവിൽ നിന്നും അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ നമ്മുടെ ഭാഗത്തു നിന്നും ഏറ്റവും അധികം ആവശ്യമുള്ളത് വിശ്വാസമാണ്. നാം ആവശ്യപ്പെടുന്നതെന്തും നമുക്കു ചെയ്തുതരുവാൻ യേശുവിനു സാധിക്കുമെന്ന് നാം വിശ്വസിക്കണം. ദൈവാനുഗ്രഹങ്ങളാൽ നിറയുവാൻ നമ്മുടെ ഹൃദയത്തെ തുറക്കുന്നതും വിശാലമാക്കുന്നതും ഈ വിശ്വാസമാണ്. അത്ഭുതങ്ങൾ പ്രവർത്തിക്കുമ്പോഴൊക്കെ യേശു പറയുന്ന ഒരു വാക്യമുണ്ട് ''നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു''.

തങ്ങൾക്ക് കാഴ്ച്ചശക്തി തരേണമേയെന്ന് അപേക്ഷിച്ചുകൊണ്ട് ഒരിക്കൽ രണ്ടു കുരുടന്മാർ യേശുവിനെ സമീപിച്ചു. യേശു അവരോട് ചോദിച്ച ചോദ്യമിതായിരുന്നു: ''എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? ഉവ്വ്, കർത്താവേ എന്ന് അവർ മറുപടി പറഞ്ഞു. നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് അവൻ അവരുടെ കണ്ണുകളിൽ സ്പർശിച്ചു. അവരുടെ കണ്ണുകൾ തുറന്നു'' (മത്താ. 9, 28-29). ഇന്നും അനുഗ്രഹങ്ങൾക്കായി തന്നെ സമീപിക്കുന്ന നാമോരോരുത്തരെയും നോക്കി യേശു ചോദിക്കുന്നതും ഇതുതന്നെയാണ്: ''എനിക്ക് ഇതു ചെയ്യാൻ സാധിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?'' ഈ വിശ്വാസത്തെ ആശ്രയിച്ചിരിക്കും നാം സ്വീകരിക്കുന്ന അനുഗ്രഹങ്ങളും.

ചിലപ്പോഴൊക്കെ നമുക്കു അനുഗ്രഹങ്ങൾ കിട്ടാതെ പോകുന്നത് യേശുവിന് മനസ്സില്ലാത്തതു കൊണ്ടോ കഴിവില്ലാത്തതു കൊണ്ടോ അല്ല. പലപ്പോഴും നമ്മുടെ വിശ്വാസം ചഞ്ചലമാണ്. ''പോയാൽ ഒരു വാക്ക്. കിട്ടിയാൽ ഒരു അനുഗ്രഹം. എന്തെങ്കിലും കിട്ടുന്നെങ്കിൽ കിട്ടികൊള്ളട്ടെ'' എന്ന മനോഭാവത്തോടെ പ്രാർത്ഥിക്കുന്നവരുണ്ട്. ഒരിക്കൽ പിശാചുബാധിതനും അപസ്മാര രോഗിയുമായ ഒരു ബാലനെ അവന്റെ പിതാവ് യേശുവിന്റെ പക്കൽ കൊണ്ടു വന്നിട്ട് ഇപ്രകാരം അപേക്ഷിച്ചു : ''എന്തെങ്കിലും ചെയ്യാൻ നിനക്ക്

കഴിയുമെങ്കിൽ ഞങ്ങളുടെമേൽ കരുണ തോന്നി ഞങ്ങളെ സഹായിക്കേണമേ! യേശു പറഞ്ഞു: കഴിയുമെങ്കിലെന്നോ! വിശ്വസിക്കുന്നവന് എല്ലാ കാര്യങ്ങളും സാധിക്കും. ഉടനെ കുട്ടിയുടെ പിതാവ് വിളിച്ചു പറഞ്ഞു: ഞാൻ വിശ്വസിക്കുന്നു. എന്റെ അവിശ്വാസം പരിഹരിച്ച് എന്നെ സഹായിക്കേണമേ!'' (മാർക്ക. 9, 22-24). ഇതുപോലെ നമ്മുടെ വിശ്വാസവും ചഞ്ചലമാണെന്നു തോന്നുമ്പോഴെല്ലാം അതിനെ ദൃഢമാക്കണമെന്ന് യേശുവിനോട് യാചിചിട്ട് വേണം അനുഗ്രഹങ്ങൾക്കായി നാം പ്രാർത്ഥിക്കുവാൻ.

പലപ്പോഴും അനുദിന ജീവിതത്തിനാവശ്യമായ ചെറിയ ചെറിയ അനുഗ്രഹങ്ങൾ നേടിയെടുക്കുവാനുള്ള വ്യഗ്രതയിൽ, ഈ ലോക ജീവിതത്തെ ഒന്നുകൂടി ഭദ്രമാക്കാനുള്ള തത്രപ്പാടിൽ നമുക്കാവശ്യമായ വലിയ വലിയ അനുഗ്രഹങ്ങളുടെ കാര്യം നാം മറന്നു പോകുന്നു. നാം ദൈവത്തോടു യാചിക്കേണ്ട ഏറ്റവും വലിയ അനുഗ്രഹമെന്തെന്ന് യേശു തന്നെ നമുക്കു പറഞ്ഞുതരുന്നുണ്ട്. അവിടുന്നു ചോദിക്കുന്നു: ''ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?'' (മത്താ. 16, 26). ആത്മരക്ഷയാണ് ഏറ്റവും വലിയ അനുഗ്രഹം, അതായത് ഈ ലോകത്തിലും പരലോകത്തിലും സന്തോഷത്തോടും സമാധാനത്തോടും സംതൃപ്തിയോടും ജീവിക്കുന്ന ഒരു അവസ്ഥയിൽ നാം എത്തിച്ചേരണം. ഇപ്രകാരമൊരു അവസ്ഥയിൽ എത്തിച്ചേരുന്നവർക്ക് മറ്റൊരു അനുഗ്രഹത്തിന്റെയും ആവശ്യമുണ്ടാവുകയില്ല.

ഈ രക്ഷ പ്രാപിക്കണമെങ്കിൽ നൂറു നൂറു കാര്യങ്ങൾ നാം ചെയ്യണമെന്നില്ല. വെറും രണ്ടേരണ്ടു കാര്യങ്ങൾ ചെയ്യാനാണ് പൗലോസ് അപ്പോസ്തലൻ നമ്മെ പഠിപ്പിക്കുന്നത്. ഒന്നാമതായി യേശു കർത്താവാണെന്ന് നാം ഹൃദയത്തിൽ വിശ്വസിക്കണം. റോമാക്കാർ ചക്രവർത്തിമാരെയും ഗ്രീക്കുകാർ ദേവന്മാരെയും യഹൂദർ സത്യദൈവമായ യഹോവായേയും 'കർത്താവേ' എന്നാണ് വിളിച്ചിരുന്നത്. യേശു കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കമ്പോൾ അവിടുന്ന് രാജാധിരാജനാണെന്നും സർവ്വശക്തനാണെന്നും ദൈവമാണെന്നും നാം അംഗീകരിക്കുകയാണ്. രണ്ടാമതായി, യേശു സർവ്വാധിപനാണെന്നും അവിടുത്തേക്ക് എല്ലാം സാദ്ധ്യമാണെന്നുമുള്ള ഈ വിശ്വാസം അധരങ്ങൾ കൊണ്ട് ഏറ്റുപറയണം. ഇങ്ങനെ ഈ വിശ്വാസം അധരങ്ങൾകൊണ്ട് ഏറ്റു പറയുന്നതിലൂടെ മറ്റുള്ളവരുടെയും രക്ഷയ്ക്കായി നാം അത് അവരുമായി പങ്കുവയ്ക്കുകയാണ്. ഇങ്ങനെ യേശു കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അധരങ്ങൾകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നവർ രക്ഷപ്രാപിക്കും. (cfr റോമ. 10, 9). സർവ്വശക്തനും അനുഗ്രഹദാതാവുമായ യേശു കൂടെയുള്ളപ്പോൾ നമുക്കു മറ്റൊന്നിനെയും ഭയപ്പെടാനില്ല.

''കർത്താവാണ് എന്റെ ഇടയൻ,
എനിക്കൊന്നിനും കുറവുണ്ടാവുകയില്ല...
മരണത്തിന്റെ നിഴൽവീണ് താഴ്‌വരയിലൂടെയാണ്
ഞാൻ നടക്കുന്നതെങ്കിലും
അവിടുന്ന് കൂടെയുള്ളതിനാൽ
ഞാൻ ഭയപ്പെടുകയില്ല'' (സങ്കീ. 23, 1.4)

സങ്കീർത്തകനോടൊപ്പം ഇപ്രകാരം യേശു കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിച്ചുകൊണ്ടും അധരങ്ങൾകൊണ്ട് എറ്റുപറഞ്ഞുകൊണ്ടും നമുക്ക് നമ്മുടെ ജീവിതയാത്ര മുന്നോട്ടു നയിക്കാനും അങ്ങനെ ഏറ്റവും വലിയ അനുഗ്രഹമായ ആത്മരക്ഷ സുരക്ഷിതമാക്കാനും ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ തിരുനാളിന്റെ എല്ലാ മംഗളങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.